(എഫ്) 10830 സീറ്റുകൾ.

(ജി) പ്രവേശന പരീക്ഷാ കമ്മീഷണർ വഴി പ്രവേശനം നടത്തുന്ന സീറ്റുകളിൽ 3743 സീറ്റുകൾ സാമുദായിക സംവരണ വിഭാഗത്തിൽപ്പെടുന്നു.

(എച്ച്) ഉണ്ട്.

(ഐ) സാമുദായിക സംവരണ സീറ്റുകൾ മൊത്തം സീറ്റിന്റെ അടിസ്ഥാനത്തിലല്ല നിർണ്ണയിക്കുന്നത്. സ്പെഷ്യൽ റിസർവേഷൻ സീറ്റുകൾ, ശാരീരിക വൈകല്യമുള്ളവർക്കുള്ള സീറ്റുകൾ, നോമിനികൾക്കുള്ള സീറ്റുകൾ മുതലായവ കഴിച്ചുള്ള സീറ്റുകളുടെ മൊത്തം സീറ്റുകളുടെ 35% സാമുദായിക സംവരണ സീറ്റുകളായി മാറ്റിയാൽ മറ്റ് സംവരണ സീറ്റുകൾകൂടി കണക്കാക്കുമ്പോൾ സംവരണം 50% കവിയുമെന്നതിനാൽ ഈ നിർദ്ദേശം സ്വീകാര്യമല്ല.

ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് എ. ഐ. സി. റ്റി. ഇ. അംഗീകാരം ലഭിക്കാൻ നടപടി

79 [1442] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് വേണ്ടത്ര സാങ്കേതിക സൗകര്യങ്ങളില്ല എന്ന കാരണത്താൽ എ. ഐ. സി. റ്റി. ഇ. അംഗീകാരം നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാരണത്താൽ മൂന്നാം വർഷ, രണ്ടാം വർഷ വിദ്യാർത്ഥികളെ ഇടുക്കിയിലെ മറ്റ് കോളേജുകളിലേക്ക് പുനർ വിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിദ്യാർത്ഥികളുടെ പഠന പുരോഗതിയെ ബാധിക്കുമെന്നതിനാൽ ഈ തീരുമാനം പുനഃപരിശോധിക്കുമോ;

(സി) വികസന രംഗത്ത് പിന്നോക്ക ജില്ലയായ ഇടുക്കിയിലെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കാൻ സത്വര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) എ. ഐ. സി. റ്റി. ഇ. ആദ്യത്തെ 3 ബാച്ചിന് അംഗീകാരം നൽകിയിട്ടില്ല. 2003-ൽ പ്രവേശനം ലഭിച്ച കുട്ടികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇടുക്കി എഞ്ചിനീയറിംഗ് കോളേജിലെ 2, 3, 4 വർഷ വിദ്യാർത്ഥികളെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മറ്റ് കോളേജുകളിലേയ്ക്ക് മാറ്റണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

എ. ഐ. സി. റ്റി. ഇ. നിർദ്ദേശിച്ചിട്ടുണ്ട്. ഇവരെ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (കോട്ടയം)-യിൽ പഠിപ്പിക്കാനായി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിക്ക് കൂടുതൽ സീറ്റ് ലഭിക്കാൻ എ. ഐ. സി. റ്റി.-യുടെ അനുമതി തേടിയിട്ടുണ്ട്. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഇവരെ പഠിപ്പിക്കാൻ വേണ്ട സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഇടുക്കി കോളേജിനെ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഒരു സെന്ററായി പരിഗണിച്ച് ക്ലാസുകൾ നടത്തി ആർ. ഐ. റ്റി.-യിലെ കുട്ടികളായി പരീക്ഷ എഴുതാൻ അനുവദിക്കാൻ തീരുമാനമായിട്ടുണ്ട്. ഇതിനുള്ള നടപടി എടുത്തുവരുന്നു.

(ബി) ഉണ്ട്. ഇത് വിദ്യാർത്ഥികളുടെ പഠന പുരോഗതിയെ സഹായിക്കുന്നതാകയാൽ ഈ തീരുമാനം പുനഃപരിശോധിക്കേണ്ട കാര്യമില്ല.

(സി) സർക്കാർ സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മാനന്തവാടി എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം

80 [1443] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം ഇപ്പോൾ നല്ല രീതിയിൽ നടത്തുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവിടെ നടക്കുന്ന കോഴ്സുകൾക്കെല്ലാം എ. ഐ. സി. റ്റി. ഇ.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം കോഴ്സുകളാണ് മറ്റു കോളേജുകളിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത കോളേജിന്റെ കെട്ടിടം പണി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ അതിനായി ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്നത്തേക്ക് ഇതിന്റെ പണി പൂർത്തിയാക്കാൻ ആകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly